(സി) സംവരണതോത് നിശ്ചയിച്ചിരിക്കുന്നത് ജനസംഖ്യാനുപാതികമാണെങ്കിൽ നിരക്ക് ഏത് രീതിയിലെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 1958-ൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ നിലവിൽ വന്നത് മുതൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതിക മായി സർക്കാർ നിയമനങ്ങളിൽ 8 ശതമാനം എന്ന നിരക്കിൽ സംവരണം നൽകിവരുന്നു.

ലംപ്സംഗ്രാന്റ് വിതരണത്തിലെ കാലതാമസം

220 (5023) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാൻറ് വിതരണം ചെയ്യുന്നതിൽ വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്ലസ് വൺ, പ്ലസ് ടു, ബിരുദമടക്കമുള്ള കോഴ്സുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 2014-15 വർഷത്തെ ലംപ്സംഗ്രാന്റ് ഇനിയും വിതരണം ചെയ്യാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഗ്രാന്റ് ഉടൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അതാത് അദ്ധ്യയന വർഷങ്ങളിൽത്തന്നെ ലംപ്സംഗ്രാൻറ് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് ഓൺലൈൻവഴി യഥാസമയം തന്നെ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിൽ നൽകിവരുന്നുണ്ട്. എന്നാൽ ചില സ്ഥാപനങ്ങൾ വിദ്യാർത്ഥികളുടെ ക്ലെയിം സ്റ്റേറ്റ്മെന്റുകൾ യഥാസമയം ഓൺ ലൈനായി അയക്കാത്തത് കൊണ്ട് ചില വിദ്യാർത്ഥികൾക്ക് യഥാസമയം ലംപ്സം ഗ്രാന്റ് ലഭിക്കാതെവരുന്നു. ഇത് പരിഹരിക്കുന്നതിനായി അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഇതുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഒരു ഏകദിന പരിശീലനം ജില്ലാ അടിസ്ഥാനത്തിൽ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് അതാത് വർഷം തന്നെ നൽകന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

221 (5024) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി സ്വയംപര്യാപ്തഗ്രാമങ്ങൾ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര ഗ്രാമങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട് ;

(ബി) പദ്ധതി ആരംഭിച്ചതിനുശേഷം കോട്ടയം ജില്ലയിൽ നിന്ന് ഓരോ വർഷവും തിരഞ്ഞെടുത്ത പട്ടികജാതി സ്വയംപര്യാപ്തഗ്രാമങ്ങൾ ഏതൊക്കെ എന്നും ഏതൊക്കെ നിയോജകമണ്ഡലങ്ങളിലും പഞ്ചായത്തിലുംപ്പെട്ടതാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയിൽ ഇതുവരെ എത്ര ഗ്രാമങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടെന്നും പദ്ധതി പൂർത്തിയാക്കാൻ അനുവദിച്ചിട്ടുള്ള കാലയളവ് എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13-ൽ 114-ഉം 2013-14-ൽ 103-ഉം കോളനികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) കോട്ടയം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട സ്വയംപര്യാപ്ത ഗ്രാമങ്ങൾ, വർഷം, നിയോജകമണ്ഡലം, പഞ്ചായത്ത് എന്നിവ തിരിച്ച് ചുവടെ ചേർക്കുന്നു :

2012-13

ക്രമ നമ്പർ	നിയോജക മണ്ഡലം	പഞ്ചായത്ത്	കോളനി
(1)	(2)	(3)	(4)
1.	ചങ്ങനാശ്ശേരി(LS)	കുറിച്ചി	സചിവോത്തമപുരം
2.	ഏറ്റുമാനൂർ	ഏറ്റുമാനൂർ	മോഡേൺ ഹരിജൻ കോളനി

LIBRARY ARCHIVES Kerala Legislative Assembly